*എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി*
*തിരുവനന്തപുരം*

(1) ചരിത്രം ചുരുക്കത്തിൽ

*1955-ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്ര ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതും കമ്പ്യൂട്ടർ പരിശീലനവും സാങ്കേതിക കാര്യങ്ങളിൽ വിദഗ്ദ്ധോപദേശം നല്കുന്നതുമായ പ്രഥമ സ്ഥാപനമായ എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി (LBSCS&T) കേരള സർക്കാർ സ്ഥാപിച്ചത് 1976-ൽ ആണ്. സാമൂഹിക നന്മ ലക്ഷ്യമിട്ട് വ്യവസായ സ്ഥാപനങ്ങളും സാങ്കേതിക സ്ഥാപനങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് കേരള സർക്കാറിന്റെ കീഴിൽ ഒരു സ്വയം ഭരണ സ്ഥാപനമായി എൽ. ബി. എസ്. ആരംഭിച്ചത്.*

(2) സംഘടനാ സംവിധാനം

*എക്സിക്യൂട്ടീവ് കമ്മറ്റിയും ഗവേണിംഗ് ബോഡിയും ആണ് കേന്ദ്രത്തിന്റെ ഭരണ നിർവഹണം നടത്തുന്നത്. ഗവേണിംഗ് ബോഡിയുടെ ചെയർമാൻ കേരള മുഖ്യ മന്ത്രിയും വൈസ് ചെയർമാൻ വിദ്യാഭ്യാസ മന്ത്രിയുമാണ്. എക്സിക്യൂട്ടീവ് കമ്മറ്റി ചെയർമാൻ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും വൈസ്ചെയർമാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുമാണ്. എൽ. ബി. എസ് ഡയറക്ടർ ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. എൽ. ബി. എസ്. കേന്ദ്രത്തിന്റെ ഭരണത്തലവനും അദ്ദേഹമാണ്. ഭരണപരവും സാമ്പത്തികവുമായ വിഷയങ്ങളിൽ ഡയറക്ടറെ സഹായിക്കുവാനായി ജോയിന്റ് ഡയറക്ടർമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ മറ്റു കീഴുദ്യോഗസ്ഥന്മാർ തുടങ്ങിയവരും കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്.*

(3) വൈദഗ്ദ്ധ്യം

*ബിരുദാനന്തര ബിരുദവും, ഗവേഷണ ബിരുദവും (PhD) നിരവധി വർഷങ്ങളുടെ അനുഭവ സമ്പത്തുമുള്ളവരാണ് ഞങ്ങളുടെ ഉദ്യോഗസ്ഥവൃന്ദം. ഇതിനു പുറമെ എഞ്ചിനീയറിംഗ് കോളേജിലെയും മറ്റു സ്ഥാപനങ്ങളിലെയും, വ്യവസായ സ്ഥാപനങ്ങളിലെയും പ്രഗത്ഭരായ അദ്ധ്യാപകരുടെയും വിദഗ്ദ്ധരുടെയും ഉപദേശ നിർദ്ദേശങ്ങളും സേവനവും കേന്ദ്രം ഏറ്റെടുത്ത വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഉപയോഗിക്കാൻ കേന്ദ്രത്തിന് അധികാരമുണ്ട്. മറ്റു സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുടെ സേവനം ഉപയോഗിക്കാമെന്നുള്ള സൗകര്യം സർക്കാർ വകുപ്പുകളുടെ പ്രൊജക്ടുകൾ ഏറ്റവും ആധുനികമായ ഉപകരണങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ച് പൂർത്തീകരിക്കാനുള്ള കഴിവ് കേന്ദ്രത്തിനു ലഭിക്കുന്നു.*

(4) *കേരള സർവ്വകലാശാലയുടെ അംഗീകാരമുള്ള ഗവേഷണ പഠനകേന്ദ്രമാണ് എൽ. ബി. എസ്. സെന്റർ. ഇപ്പോൾത്തന്നെ കേരള സർവ്വകലാശാലയിൽ പി. എച്ച്.ഡിയ്ക്ക് രജിസ്റ്റർചെയ്ത ഗവേഷക വിദ്യാർത്ഥികൾ കേന്ദ്രത്തിന്റെ സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്.*

(5) തൊഴിൽ ഉല്പാദനം

*ശരാശരി 300 മുതൽ 400 വരെ ആളുകൾക്ക് സോഫ്റ്റ് വെയർ നിർമ്മാണ രംഗത്തും ഗസ്റ്റ് ഫാക്കൽടി, കംപ്യൂട്ടർ ഓപ്പറേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേഷൻ അസിസ്റ്റന്റ്, ഡ്രില്ലിംങ്ങ് ജോലിക്കാർ, മെഷീൻ റിപ്പയർമാർ എന്നീ നിലകളിലും തൊഴിൽ നല്കുന്നതിന് എല്ലാ വർഷവും കേന്ദ്രത്തിന് സാധിക്കുന്നുണ്ട്.*

(6) <u>സാമ്പത്തിക രംഗത്തെ പ്രകടനം</u>

*കഴിഞ്ഞകുറെ വർഷങ്ങളായി സർക്കാറിന്റെ സാമ്പത്തിക സഹായം ഇല്ലാതെയാണ് എൽ. ബി. എസ്. സെന്റർ പ്രവർത്തിക്കുന്നത്. കോഴ്സ് ഫീസിനത്തിലും, എഞ്ചിനീയറിംഗ്, സോഫ്റ്റ് വെയർ രംഗങ്ങളിലെ വിദഗ്ദ്ധോപദേശം നല്കലിലൂടെയും ഇൻസ്ട്രുമെന്റേഷൻ വിഭാഗം ഏറ്റെടുത്തു നടത്തുന്ന ജോലികളിലൂടെയും നേടുന്ന വരുമാനമാണ് പ്രധാനമായും കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി വിനിയോഗിക്കുന്നത്. കേന്ദ്രത്തിന്റെ കീഴിൽ കാസറഗോഡ് പ്രവർത്തിക്കുന്ന എൽ. ബി. എസ്. എഞ്ചിനീയറിംഗ് കോളേജജും, തിരുവനന്തപുരം പൂജപ്പുര പ്രവർത്തിക്കുന്ന വനിത എഞ്ചിനീയറിംഗ് കോളേജും സ്വാശ്രയ രീതിയിലാണ് പ്രവർത്തിക്കുന്നത്. ട്യൂഷൻ ഫീസും തിരിച്ചു കൊടുക്കുന്നതോ അല്ലാത്തതോ ആയ ഡപ്പോസിറ്റുകളുമാണ് ഈ കോളേജിന്റെ വരുമാന ശ്രോതസ്സ്. ഓരോ വർഷവും ഈ സെന്ററിന്റെ റവന്യൂ വരുമാനത്തിൽ ക്രമാനുഗതമായ പുരോഗതി ദൃശ്യമാണ്.*

(7) <u>ലക്ഷ്യങ്ങൾ</u>

*സാങ്കേതിക വിദ്യാഭ്യാസം/കംപ്യൂട്ടർ സാങ്കേതികവിദ്യ തുടങ്ങിയ രംഗങ്ങളിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും വിവിധ വിഷയങ്ങളിൽ ഹ്രസ്വകാല, ദീർഘകാല കോഴ്സുകൾ നടത്തുകയും ചെയ്യുക.

*കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവകലാശാലകൾ മറ്റു പ്രൊഫഷണൽ സ്ഥാപനങ്ങൾ എന്നിവയും വ്യവസായസ്ഥാപനങ്ങളും തമ്മിൽ (പൊതു താല്പര്യ സംരംഭങ്ങൾ, സർക്കാർ വകുപ്പുകൾ തുടങ്ങിയവയടക്കം) ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കുകയും വിവിധ വകുപ്പുകൾക്കും, പരീക്ഷണശാലകൾക്കും പണിപ്പുരകൾക്കും സാങ്കേതിക സഹായവും, സാങ്കേതിക വിദഗ്ദ്ധന്മാരെയും നല്കുകയും വ്യവസായ വികസനത്തിനു വേണ്ടി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത അറിവും യന്ത്രങ്ങളും പ്രദാനം ചെയ്യുകയും ചെയ്യുക.

*എഞ്ചിനീയറിംഗ്, സാങ്കേതിക വിദ്യാരംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കാനായി റിസർച്ച് പ്രൊജക്ടുകൾ തുടങ്ങുകയും രൂപകല്പന, വികസനം, വ്യാവസായിക പ്രതിസന്ധികളെ അധികരിച്ചുള്ള പരീക്ഷണങ്ങൾ പ്രൊജക്ടുകൾ തുടങ്ങിയവയിൽ സാങ്കേതിക സഹായം നല്കുകയും സെന്ററിന്റെ കോളേജുകളിലും വകുപ്പുകളിലും, വ്യവസായ സ്ഥാപനങ്ങളിലും മറ്റു ഏജൻസികളിലുമുള്ള വിദഗ്ദ്ധരെ ഉപയോഗിച്ച് പ്രശ്നപരിഹാര അസൈൻമെന്റുകൾ ഏറ്റെടുക്കുകയും ചെയ്യുക.

*കോളേജും, വകുപ്പുതല പരീക്ഷണശാലകളും വർക്ക്ഷോപ്പുകളും ഉപയോഗിച്ച് ഫാബ്രിക്കേഷനും, പരിശോധനയ്ക്കും, വിശകലനത്തിനും സൗകര്യം ചെയ്തുകൊടുക്കുക.

*ആധുനിക രീതിയിലുള്ള ഒരു പരിശോധനാ കേന്ദ്രം ആരംഭിക്കുകയും sF.-F-kv.-

sF. വിഭാവനം ചെയ്യുന്ന രീതിയിൽ വ്യവസായ സ്ഥാപനങ്ങൾക്കും മറ്റു സംരംഭകർക്കും ഉപയോഗിക്കാവുന്ന രീതിയിൽ എല്ലാ സജ്ജീകരണങ്ങളോടും കൂടിയ കേന്ദ്രം വളർത്തിയെടുക്കുകയും ചെയ്യുക.

*ശാസ്ത്രീയ അന്വേഷണങ്ങളിലൂടെയും വ്യവസായ രംഗത്തിനു ഗുണകരമായ ഗവേഷണ പ്രവർത്തനങ്ങളിലൂടെയും ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.

*യുവ സാങ്കേതിക വിദഗ്ദ്ധർക്കും, ശാസ്ത്രജ്ഞർക്കും, എഞ്ചിനീയർമാർക്കും സ്വയം തൊഴിൽ കണ്ടെത്താനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും വേണ്ട പരിശീലനം നല്കുക.

*സംരംഭകർക്ക് ഏറ്റവും പുതിയ വിവരങ്ങൾ നല്കുന്ന ഒരു കേന്ദ്രമായും ഗവേഷണ പദ്ധതികൾക്കും വിദഗ്ദ്ധോപദേശം നല്കുന്ന സേവനങ്ങൾക്കുമുള്ള ഇടനാഴിയായും പ്രവർത്തിക്കുക.

*ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ അടിസ്ഥാന ഗവേഷണത്തിന് സൗകര്യങ്ങൾ ഒരുക്കുകയും ഫെല്ലോഷിപ്പുകൾ ഏറ്റെടുക്കുകയും ചെയ്യുക.

*കേന്ദ്രത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ഗവേഷണ പ്രബന്ധങ്ങളും, തിസിസുകളും, പുസ്തകങ്ങളും, ആനുകാലികങ്ങളും മറ്റു കൃതികളും പ്രസിദ്ധീകരിക്കുക.

*പുസ്തകശാലകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.

*വ്യവസായ സംരംഭങ്ങളുടെ സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം കണ്ടെത്തുകയും, പേറ്റന്റിന് അപേക്ഷിക്കുകയും ഗവേഷണ പ്രവർത്തനങ്ങളിലൂടെ പേറ്റന്റ് നേടുകയും പേറ്റന്റ് അവകാശങ്ങളുടെ വാണിജ്യ സാദ്ധ്യതകളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്യുക.

*കേന്ദ്രത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റാനുതകുന്ന മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

*സോഫ്റ്റ് വെയർ വിദഗ്ദ്ധോപദേശം നല്കൽ.

*എഞ്ചിനീയറിംഗ് വിദഗ്ദ്ധോപദേശം നല്കൽ.

*മാനേജ്മെന്റ് വിദഗ്ദ്ധോപദേശം നല്കൽ.

*ഹാർഡ് വെയർ വിദഗ്ദ്ധോപദേശം നല്കൽ.

*ഇൻസ്ട്രുമെന്റേഷൻ വിദഗ്ദ്ധോപദേശം നല്കൽ.

(8) <u>സോഫ്റ്റ് വെയർ വിദഗ്ദ്ധോപദേശം നല്കൽ</u>

കേന്ദ്ര, സംസ്ഥാന സർക്കാറുകൾക്കുവേണ്ടിയും, കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കുവേണ്ടിയും ഉള്ള സോഫ്റ്റ് വെയർ വിദഗ്ദ്ധോപദേശ ജോലികളും ഇലക്ട്രോണിക് വിവര സംസ്കരണ (ഡേറ്റാ പ്രോസസ്സിംഗ്) ജോലികളും ഇവിടെ ചെയ്തു വരുന്നു.

(9) <u>സോഫ്റ്റ് വെയർ നിർമ്മാണം</u>

കേന്ദ്ര, സംസ്ഥാന സർക്കാറുകൾക്കുവേണ്ടിയും, കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കുവേണ്ടിയും ഉള്ള സോഫ്റ്റ് വെയർ വിദഗ്ദ്ധോപദേശ ജോലികളും ഇലക്ട്രോണിക് വിവര സംസ്കരണ (ഡേറ്റാ പ്രോസസ്സിംഗ്) ജോലികളും ഇവിടെ ചെയ്തു വരുന്നു.

ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദവിവരങ്ങൾ വിവിധ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള രഹസ്യ സ്വഭാവമുള്ള പരീക്ഷാ ജോലികൾ ഞങ്ങൾ ഏറ്റെടുത്തു നടത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. അപേക്ഷകൾ പരിശോധിക്കുക
2. പരീക്ഷാ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുക
3. പരീക്ഷാ കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കുക.
4. പരീക്ഷാ കേന്ദ്രങ്ങൾ തീരുമാനിക്കുക.
5. ചോദ്യപേപ്പർ തയ്യാറാക്കുക
6. പരീക്ഷ നടത്തുക.
7. ഉത്തരക്കടലാസുകൾ പരിശോധിക്കുക (ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ട ചോദ്യങ്ങൾ).
8. റാങ്ക്ലിസ്റ്റ് തയ്യാറാക്കുക.

(10) <u>എഞ്ചിനീയറിംഗ് വിദഗ്ദ്ധോപദേശം നല്കൽ</u>

*സാങ്കേതിക വിദ്യാഭ്യാസം/കംപ്യൂട്ടർ സാങ്കേതിക വിദ്യ തുടങ്ങിയ രംഗങ്ങളിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും വിവിധ വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകൾ നടത്തുകയും ചെയ്യുക.

*കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവകലാശാലകൾ, മറ്റു പ്രൊഫഷണൽ സ്ഥാപനങ്ങൾ എന്നിവയും വ്യവസായ സ്ഥാപനങ്ങളും തമ്മിൽ (പൊതു താൽപര്യ സംരംഭങ്ങൾ, സർക്കാർ വകുപ്പുകൾ തുടങ്ങിയവയടക്കം) ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കുകയും വിവിധ വകുപ്പുകൾക്കും, പരീക്ഷണശാലകൾക്കും, പണിപ്പുരകൾക്കും സാങ്കേതിക സഹായവും, സാങ്കേതിക വിദഗ്ദ്ധന്മാരെ നല്കുകയും വ്യവസായ വികസനത്തിനു വേണ്ടി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത അറിവും യന്ത്രങ്ങളും പ്രദാനം ചെയ്യുകയും ചെയ്യുക.

*എഞ്ചിനീയറിംഗ്, സാങ്കേതിക വിദ്യാരംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കാനായി റിസർച്ച് പ്രോജക്ടുകൾ തുടങ്ങുകയും രൂപകല്പന, വികസനം, വ്യാവസായിക പ്രതിസന്ധികളെ അധികരിച്ചുള്ള പരീക്ഷണങ്ങൾ പ്രോജക്ടുകൾ തുടങ്ങിയവയിലൂടെ സാങ്കേതിക സഹായം നല്കുകയും സെന്ററിന്റെ കോളേജുകളിലും വകുപ്പുകളിലും വ്യവസായ സ്ഥാപനങ്ങളിലും മറ്റു ഏജൻസികളിലുമുള്ള വിദഗ്ദ്ധരെ ഉപയോഗിച്ച് പ്രശ്നപരിഹാര അസൈൻമെന്റുകൾ ഏറ്റെടുക്കുകയും ചെയ്യുക.

*കോളേജുകളും, വകുപ്പുതല പരീക്ഷണശാലകളും, വർക്ക്ഷോപ്പുകളും ഉപയോഗിച്ച് ഫാബ്രിക്കേഷനും, പരിശോധനയ്ക്കും വിശകലനത്തിനും സൗകര്യം ചെയ്തു കൊടുക്കുക.

*ആധുനിക രീതിയിലുള്ള ഒരു പരിശോധനാകേന്ദ്രം ആരംഭിക്കുകയും sF. Fkv. sF. വിഭാവനം ചെയ്യുന്ന രീതിയിൽ വ്യവസായ സ്ഥാപനങ്ങൾക്കും മറ്റു സംരംഭകർക്കും ഉപയോഗിക്കാവുന്ന രീതിയിൽ എല്ലാ സജ്ജീകരണങ്ങളോടും കൂടിയ കേന്ദ്രം വളർത്തിയെടുക്കുകയും ചെയ്യുക.

*ശാസ്ത്രീയ അന്വേഷണങ്ങളിലൂടെയും വ്യവസായ രംഗത്തിനു ഗുണകരമായ ഗവേഷണ പ്രവർത്തനങ്ങളിലൂടെയും ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.

*യുവ സാങ്കേതിക വിദഗ്ദ്ധർക്കും, ശാസ്ത്രജ്ഞർക്കും, എഞ്ചിനീയർമാർക്കും സ്വയം തൊഴിൽ കണ്ടെത്താനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും വേണ്ട പരിശീലനം നല്കുക.

*സംരംഭകർക്ക് ഏറ്റവും പുതിയ വിവരങ്ങൾ നല്കുന്ന ഒരു കേന്ദ്രമായും ഗവേഷണ പദ്ധതികൾക്കും വിദഗ്ദ്ധോപദേശം നല്കുന്ന സേവനങ്ങൾക്കുമുള്ള ഇടനാഴിയായും പ്രവർത്തിക്കുക.

*ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ അടിസ്ഥാന ഗവേഷണത്തിന് സൗകര്യങ്ങൾ ഒരുക്കുകയും ഫോല്ലോഷിപ്പുകൾ ഏറ്റെടുക്കുകയും ചെയ്യുക.

*കേന്ദ്രത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ഗവേഷണ പ്രബന്ധങ്ങളും, തിസിസുകളും, പുസ്തകങ്ങളും, ആനുകാലികങ്ങളും മറ്റു കൃതികളും പ്രസിദ്ധീകരിക്കുക.

*പുസ്തകശാലകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.

*വ്യവസായ സംരംഭങ്ങളുടെ സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം കണ്ടെത്തുകയും, പേറ്റന്റിന് അപേക്ഷിക്കുകയും ഗവേഷണ പ്രവർത്തനങ്ങളിലൂടെ പേറ്റന്റ് നേടുകയും പേറ്റന്റ് അവകാശങ്ങളുടെ വാണിജ്യ സാദ്ധ്യതകളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്യുക.

*കേന്ദ്രത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റാനുതകുന്ന മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

(11) <u>മാനേജ്മെന്റ് വിദഗ്ദ്ധോപദേശം നല്കൽ</u>

മാനേജ്മെന്റ് രംഗത്ത് വൈദഗ്ദ്ധ്യമുള്ള ശക്തമായ ഒരു സംഘം വിദഗ്ദ്ധോപദേശ ജോലികൾ ഏറ്റെടുക്കാനായി എൽ. ബി. എസ്. കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ മനുഷ്യ വിഭവ മാനേജ്മെന്റ് വിദഗ്ദ്ധോപദേശ ജോലികൾ കേന്ദ്രം ഏറ്റെടുക്കുന്നുണ്ട്. മാനേജ്മെന്റ് വിദഗ്ദ്ധോപദേശത്തിന്റെ പ്രധാന മേഖലകൾ ചുവടെ കൊടുക്കുന്നു.

*സമ്പൂർണ്ണ ഗുണ മാനേജ്മെന്റ്
*പ്രോജക്ട് മാനേജ്മെന്റ്
*ധന മാനേജ്മെന്റ്
*മാർക്കറ്റിംഗ് മാനേജ്മെന്റ്
*മനുഷ്യ വിഭവ മാനേജ്മെന്റ്
*ഉല്പാദന മാനേജ്മെന്റ്
*വസ്തു മാനേജ്മെന്റ്

(12) <u>ഹാർഡ് വെയർ മാനേജ്മെന്റ്</u>

കേന്ദ്രത്തിലെ ഹാർഡ് വെയർ വിഭാഗം കംപ്യൂട്ടറുകളുടെയും, പ്രിന്ററുകളുടെയും മറ്റുപകരണങ്ങളുടെയും സംരക്ഷണജോലി ചെയ്യുന്നു. കംപ്യൂട്ടറിന്റെയും മറ്റുപകരണങ്ങളുടെയും സംരക്ഷണജോലികൾ കേന്ദ്രത്തിനു പുറത്തുള്ളവർക്കും ലഭ്യമാക്കുന്നുണ്ട്. കേന്ദ്രഓഫീസും മറ്റു ശാഖകളും തമ്മിലുള്ള ലാൻ കോൺഫിഗുറേഷൻ, കംപ്യൂട്ടർ നെറ്റ് വർക്കിംഗ് ജോലികൾ ഹാർഡ് വെയർ വിഭാഗം ഏറ്റെടുത്തു നടത്തുന്നുണ്ട്.

(13) <u>വെബ് അധിഷ്ഠിത സോഫ്റ്റ വെയർ (ഇ കോമേഴ്സ്/ഇ ഗവേണിംഗ് പ്രോജക്ടുകൾ)</u>

വിവിധ സംഘടനകൾക്കുവേണ്ടി ഇ കോമേഴ്സിലും വെബ് സൈറ്റ് നിർമ്മാണത്തിലും പ്രോജക്ടുകൾ കേന്ദ്രം നടത്തുന്നുണ്ട്. 1999-2000 വർഷത്തെ ഹയർ സെക്കന്ററി പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധപ്പെടുത്തുന്നതിനായി വെബ് സൈറ്റ് വിജയകരമായി നിർമ്മിച്ചിട്ടുണ്ട്.

(14) <u>ഇൻസ്ട്രുമെന്റേഷൻ വിദഗ്ദ്ധോപദേശം നല്കൽ</u>

വിവിധ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, യന്ത്രസാമഗ്രികളുടെ റിപ്പയറും പരിചരണവും എൽ. ബി. എസിലെ ഇൻസ്ട്രുമെന്റേഷൻ വിഭാഗം ഏറ്റെടുക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആശുപത്രി ഉപകരണങ്ങളുടെ തകരാറുകൾ പരിഹരിക്കുന്ന ജോലിയും കേന്ദ്രം നടത്തുന്നുണ്ട്.

## (15) സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

സെന്ററിനു കീഴിൽ രണ്ട് എഞ്ചിനീയറിംഗ് കോളേജുകളും ഒരു വൈകല്യപഠന കേന്ദ്രവും പ്രവർത്തിക്കുന്നു.

*എൽ.ബി.എസ്.കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസറഗോഡ് – വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി 1993–ൽ ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചു. ഇവിടെ 9 ബാച്ചുകളിലായി 6 ബി.ടെക് കോഴ്സുകളും 3 എം.ടെക് കോഴ്സുകളും വിജയകരമായി നടത്തിവരുന്നു. കൂടാതെ എം.സി.എ. കോഴ്സും നിലവിലുണ്ട്.

വിശദാംശങ്ങൾക്ക് **www.lbsitw.ac.in** സന്ദർശിക്കുക.

*എൽ. ബി. എസ്. വനിത എഞ്ചിനീയറിംഗ് കോളേജ്, പൂജപ്പുര – സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വനിതകളുടെ പ്രാമുഖ്യം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാനത്തെ ഏക വനിത എഞ്ചിനീയറിംഗ് കോളേജ് ആയ എൽ. ബി. എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ 2001–ൽ തിരുവനന്തപുരം പൂജപ്പുര പ്രവർത്തനമാരംഭിച്ചു. ഇവിടെ 6 ബാച്ചുകളിലായി 5 ബി.ടെക് കോഴ്സുകളും 2 എം.ടെക് കോഴ്സും വിജയകരമായി നടത്തിവരുന്നു.

വിശദാംശങ്ങൾക്ക് **www.lbsitw.ac.in** സന്ദർശിക്കുക.

### വൈകല്യ പഠന കേന്ദ്രം (സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസബിലിറ്റി സ്റ്റഡീസ്)

ഭിന്നശേഷിക്കാരായ കുട്ടികളെ പുനരധിവസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപ്പിടിച്ചുയർത്തുക എന്നത് ലക്ഷ്യമാക്കി 2009– മുതൽ സെന്ററിനു കീഴിൽ ഒരു വൈകല്യ പഠന കേന്ദ്രം പ്രവർത്തിച്ചു വരുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ ഉന്നമനത്തിനുതകുന്ന അക്കാദമിക്, ഗവേഷണം, വിവിധ തൊഴിൽ പരിശീലന പ്രവർത്തനങ്ങൾ തുടങ്ങിയവ വിജയകരമായി നടത്തി വരുന്നു.

വിശദാംശങ്ങൾക്ക് **www.cdskerala.org** സന്ദർശിക്കുക.

……………………..